7 (2192) ഉപയോഗിച്ച ഡിസ്പോസിബിൾ സിറിഞ്ച് വിൽക്കുന്നതിനെതിരെ നടപടി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിച്ച ഡിസ്പോസിബിൾ സിറിഞ്ചും മറ്റും വിൽക്കുന്നതിനുവേണ്ടി ശേഖരിച്ചുവച്ചിരുന്നത് കണ്ണൂർ ഉൾപ്പെടെ ഏതെല്ലാം കേന്ദ്രങ്ങളിൽനിന്നാണ് പോലീസ് കണ്ടെടുത്തത്;

(ബി) ഇതിന്റെ പേരിൽ പോലീസ് എവിടെയെല്ലാം കേസ്സുകൾ എടുത്തിട്ടുണ്ട്;

(സി) ഇതിലെ പ്രതികൾ ആരെല്ലാം;

(ഡി) ആശുപത്രികളിൽ ഉപയോഗിച്ചതിനുശേഷം കളയുന്ന സാധനങ്ങൾ ശേഖരിച്ച് വിൽക്കുന്ന ഒരു വലിയ റാക്കറ്റ് കേരളത്തിൽ ഉണ്ടെന്ന കാര്യം സർക്കാരിന് അറിയാമോ;

(ഇ) ഇത്തരത്തിലുള്ള സാധനങ്ങൾ വിൽക്കുന്ന ആളുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ 'താണ' എന്ന സ്ഥലത്തുനിന്നും പോലീസ് കണ്ടെടുത്തു.

(ബി) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 1) കുനിയിൽ പ്രവീൺകുമാർ

2) സിറിംകൽ മുരുകേശ്

3) കണ്ടത്തിൽ ഗണേശ്കുമാർ

4) സിറിംഗൺ ലക്ഷ്മണൻ

5) പി. രാജേഷ്

6) വിലയ പറമ്പത്ത് ഇബ്രാഹീം എന്നിവരാണ് പ്രതികൾ

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ട കേസ്സുകളിലെല്ലാം ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

8 (2193) സർക്കാർ വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ കീഴിൽ എല്ലാ വകുപ്പുകൾക്കും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് കമ്പ്യൂട്ടർ നെറ്റ്വർക്ക് ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ലാന്റ് റവന്യൂ, ട്രഷറി, സിവിൽ സപ്ലൈസ്, മോട്ടോർവെഹിക്കിൾസ്, സെയിൽസ്ടാക്സ്, വ്യവസായം, കൃഷി തുടങ്ങിയ വകുപ്പുകളിലും, സെക്രട്ടേറിയറ്റിലെ ധനകാര്യ ബഡ്ജറ്റ് വിഭാഗം, പൊതുഭരണ അക്കൗണ്ട്സ് വിഭാഗം എന്നിവയിലും കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല; എന്നാൽ, പോലീസ് ഒഴികെയുള്ള എല്ലാ സർക്കാർ വകുപ്പുകൾക്കും/ഏജൻസികൾക്കും വിവര ശേഖരണ കൈമാറ്റത്തിനുതകുന്ന ഒരു പൊതു ഇൻട്രാനെറ്റ് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നടന്നുവരുന്ന പദ്ധതികളുടെ ഏകോപനവും, ഇൻട്രാനെറ്റ് ഇൻഫ്രാസ്ട്രക്ചറിന്റെ സമയാനുസൃതമായ റിവ്യൂവും, ഇവയ്ക്ക് ഉചിതമായ നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഒരു സംവിധാനം നിലനിർത്തുകയുമാണ് ഈ വിഷയത്തിൽ ഐ.റ്റി. വകുപ്പിന്റെ ചുമതല.

9 (2194) സർക്കാർവകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവ ഏതൊക്കെ കമ്പനികളിൽനിന്നും വാങ്ങുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഇവ ഓരോന്നിനും ചെലവാകുന്ന തുകയെത്ര;

(സി) കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച് സർക്കാർ ഏതൊക്കെ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) മൈക്രോസോഫ്റ്റ് എന്ന കമ്പനിയുമായി സി-ഡിറ്റ് സഹകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിവരസാങ്കേതിക വിദ്യാമേഖലയിലുള്ള മറ്റ് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) സർക്കാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഹാർഡ്വെയർ, സോഫ്റ്റ് വെയർ എന്നിവ നിയമാനുസൃതം ടെൻഡർ മുഖേനയാണ് വാങ്ങുന്നത്. ഓരോ വകുപ്പിന്റെയും ആവശ്യകത കണക്കിലെടുത്താണ് ഹാർഡ്വെയർ, സോഫ്റ്റ് വെയർ എന്നിവ ഏതുതരം വേണമെന്ന് തീരുമാനിക്കുന്നത്. ഓരോന്നിനും അതിനനുസരണമായി വിലയിൽ വ്യത്യാസവും ഉണ്ടാകും. ടെക്നോളജിയിൽ പെട്ടെന്നുണ്ടായിട്ടുള്ള മുന്നേറ്റം കാരണം ഐ.ടി. ഉപകരണങ്ങളുടെ ഗുണനിലവാരത്തിലും, വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും മറ്റും കണക്കിലെടുത്ത്, ഐ.ടി. വ്യാപനത്തിനാവശ്യമായ ഉപകരണങ്ങൾ/ഘടകങ്ങൾ എന്നിവ വാങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശം പുറുപ്പെടുവിക്കുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥരും വിദഗ്ദ്ധരും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

406/2010.

LIBRARY ARCHIVES Kerala Legislative Assembly